എസ്.എസ്.ഐ.യൂണിറ്റുകളും, ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകളും വില്പന നികുതി ഈടാക്കുന്നതിനും നൽകുന്നതിനും അനുവദിച്ചിരുന്ന ഇളവുകൾ

16 (3225) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.ഐ. യൂണിറ്റുകളും, ഖാദി ഗ്രാമീണ വ്യവസായ യൂണിറ്റുകളും വില്പന നികുതി ഈടാക്കുന്നതിനും നൽകുന്നതിനും 2000-മാണ്ട് വരെ അനുവദിച്ചിരുന്ന ഇളവുകൾ എന്തൊക്കെ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.ജി.എസ്.റ്റി. ആക്ടിലെ ഏത് വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത ഇളവുകൾ നൽകിയിരുന്നത് ;

(സി) പ്രസ്തുത ഇളവുകൾ അനുവദിക്കുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യം എന്തായിരുന്നു ;

(ഡി) പ്രസ്തുത ഇളവുകൾ അനുവദിച്ചതുമൂലം ഇത്തരം യൂണിറ്റുകൾക്ക് ഉണ്ടായിരുന്ന മെച്ചം എന്താണ് എന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇത് പിൻവലിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഖാദി വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകൾ അവർ ഉല്പാദിപ്പിച്ചു വില്ക്കുന്ന സാധനങ്ങളുടെ വിറ്റുവരവിനെയും ഉൽപ്പാദനത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ മേലുള്ള വാങ്ങൽ നികുതിയേയും 31-3-1998 വരെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിരുന്നു. 1-4-1998 മുതൽ ഈ ഇളവ് വാർഷിക വിറ്റുവരവ് 25 ലക്ഷത്തിന് താഴെയുള്ള യൂണിറ്റുകൾക്ക് മാത്രമായി പരിമിതപ്പെടുത്തി. എന്നാൽ 1-8-1998 മുതൽ വാർഷിക വിറ്റുവരവിന്റെ പരിധി എടുത്തുകളയുകയും നികുതി ഇളവ് എല്ലാ യൂണിറ്റുകൾക്കും ബാധകമാക്കുകയും ചെയ്തു. അതിനുശേഷം 1-1-2000 മുതൽ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിന് താഴെ മാത്രമുള്ള യൂണിറ്റുകൾക്കായി നികുതി ഇളവ് വീണ്ടും പരിമിതപ്പെടുത്തി.

(ബി) കേരളാ പൊതുവില്പന നികുതി നിയമത്തിലെ വകുപ്പ് 10 അനുസരിച്ച് സർക്കാരിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം ഗസറ്റ് വിജ്ഞാപനത്തിലൂടെ മുൻകാല പ്രാബല്യത്തോടെയോ അല്ലാതെയോ നികുതി ഇളവ്/നികുതി കിഴിവ് അനുവദിക്കാനോ അതുപോലെ തന്നെ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന് ഭാഗികമായോ പൂർണ്ണമായോ നികുതി ഇളവ് അനുവദിക്കാനോ ഉള്ള അധികാരം ലഭ്യമാണ്. ഈ അധികാരം ഉപയോഗിച്ചാണ് സർക്കാർ ടി നികുതി ഇളവുകൾ അനുവദിച്ചിട്ടുള്ളത്.

(സി) പൊതുജനതാൽപ്പര്യം മുൻനിർത്തിയും ഖാദി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രസ്തുത ഇളവുകൾ അനുവദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുമൂലം ഖാദി വ്യവസായ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

(ഇ) ഖാദി വില്ലേജ് ഇൻഡസ്ട്രീസ് യൂണിറ്റുകൾക്ക് അനുവദിച്ചിരുന്ന ഇളവുകൾ പിൻവലിച്ചിട്ടില്ല. വാർഷിക വിറ്റുവരവ് 25 ലക്ഷത്തിനു താഴെയുള്ള എല്ലാ യൂണിറ്റുകളെയും നികുതിയിൽ നിന്നും ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. ഈ പരിധി 50 ലക്ഷമാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

വില്പന നികുതിയിനത്തിൽ ലഭിച്ച തുക

17 (3226) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വകുപ്പിൽ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ എന്തെങ്കിലും കേസുകൾ ഉണ്ടോ ;

(ബി) ഒഴിവുള്ള തസ്തിക നികത്തരുതെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഒ.പി.നമ്പർ 10976/96 തീയതി 4-8-2004, ഒ.പി.നമ്പർ 12278/96 തീയതി 10-8-2004, ഒ.പി. നമ്പർ 2234/98 തീയതി 20-9-2004 എന്നീ കോടതി വിധികൾ പ്രകാരം നികുതി വകുപ്പിലെ അസിസെയിൽസ് ടാക്സ് ഓഫീസർ തസ്തികയിലെ ഓഫീസർമാർമാരുടെ 1-4-1974 മുതൽക്കുള്ള സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അസി. സെയിൽസ് ടാക്സ് ഓഫീസർ മുതൽക്ക് മുകളിലേക്കുള്ള തസ്തികകളിലെ സീനിയോരിറ്റി ലിസ്റ്റുകൾ പുനഃക്രമീകരണം നടത്തിയതിനുശേഷം മുകളിലേക്കുള്ള തസ്തികകളിലേക്ക് പ്രമോഷൻ നടത്തണമെന്നും ഒ.പി.നമ്പർ 10976/96, ഒ.പി. നമ്പർ 12278/96 ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കോടതി വിധികൾ പ്രകാരം സീനിയോരിറ്റി ലിസ്റ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) ഒഴിവുള്ള തസ്തിക നികത്തരുതെന്ന് എന്തെങ്കിലും ഉത്തരവുകൾ ഉള്ളതായി അറിവില്ല. എന്നാൽ നികുതി വകുപ്പിലെ അസി.സെയിൽസ് ടാക്സ് ഓഫീസർമാരുടേയും അതിന് മുകളിലേക്കുള്ള തസ്തികകളിലേക്കുള്ള സീനിയോരിറ്റി പുനർനിർണ്ണയം ചെയ്തതിനുശേഷം ഇനിയുള്ള പ്രമോഷനുകൾ നടത്തണമെന്ന് കോടതി നിർദ്ദേശമുണ്ട്.

സ്വർണ്ണവില നിയന്ത്രണത്തിനുള്ള നടപടികൾ

18 (3227) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വർണ്ണ ഉപഭോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly